ARTICLE IN THE "JENMABHOOMI"—INFORMATION REGARDING

92. മിസ്റ്റർ പി. നാരായണമേനോൻ:

താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

ഫ ഫ—ഫ ഫ ഫ ഫ-ലെ ജന്മഭൂമിയിൽ "പ്രജാമണ്ഡലം വഴക്കുകൾ" എന്ന തലവാചകത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ലേഖനം ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടുകയുണ്ടായോ?

റാവുസാഹിബ് എ. മാധവപ്രഭു :

ഉവ്വ്.

മിസ്റ്റർ പി. നാരായണമേനോൻ : ഈ സംഗതിയുടെ യാഥാർത്ഥ്യമറിയാൻ ഗവൺമെണ്ടു വല്ല അന്വേഷണവും നടത്തിട്ടുണ്ടോ?

റാവുസാഹിബ് എ. മാധവപ്രഭു : ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഇതു് ഒരു കക്ഷിയുടെ ഉള്ളിലുള്ള വഴക്കല്ലേ?

റാവുസാഹിബ് എ. മാധവപ്രഭു : അതെ.

മിസ്റ്റർ പി. കെ. ഡീവർ : ഒരു കക്ഷിയുടെ ഉള്ളിൽ ഉണ്ടാകുന്ന വഴക്കിനെ സംബന്ധിച്ചു പോലീസ്സ് നടപടികൾ എടുക്കുന്നതിൽ വല്ല ന്യായവുമുണ്ടോ?

റാവുസാഹിബ് എ. മാധവപ്രഭു : ഇല്ല.

മിസ്റ്റർ പി. നാരായണമേനോൻ : പ്രജാമണ്ഡലത്തിന്റെ ചാലക്കുടി സമ്മേളനത്തിൽ വിദ്യാഭ്യാസമന്ത്രിയുടെ സമീപത്തുവെച്ചു് അദ്ദേഹം ഒരു അഖിലകൊച്ചി നാണയൻ ആണെന്നു് ഒരാൾ പ്രസംഗിച്ചു എന്നു പ്രസ്താവിച്ചിട്ടുണ്ടു്. അങ്ങിനെ ഒരാൾ പ്രസ്താവിച്ചിട്ടുണ്ടെങ്കിൽ ആ ആളുടെ പേരിൽ എന്തു നടപടിയാണു് എടുത്തതു്?

റാവുസാഹിബ് എ. മാധവപ്രഭു : ഗവൺമെണ്ടു് ഒരു നടപടിയും എടുത്തിട്ടില്ല.

മിസ്റ്റർ പി. നാരായണമേനോൻ : കടലാസിൽ കാണുന്നതു് നാണയാണു് എന്നുള്ള വിശ്വാസത്തോടുകൂടിയാണോ ഇങ്ങിനെ ജനകീയ മന്ത്രിമാരുടെ പേരിൽ ഒരപരാധം ചുമത്തിയതു് നിസ്സാരമാണെന്നു വിചാരിച്ചു് നടപടിയെടുക്കാതിരുന്നതു്?

റാവുസാഹിബ് എ. മാധവപ്രഭു : എല്ലാ പേപ്പറിലും ഉള്ളതു നാണയാണെന്നു് ഞാൻ പറഞ്ഞിട്ടില്ല. ഇതിനെപ്പറ്റി നടപടിയെടുക്കേണ്ട ആവശ്യമുണ്ടെന്നു തോന്നാത്തതുകൊണ്ടാണു നടപടിയെടുക്കാതിരുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : അതെങ്കിലും വ്യക്തിവിദ്വേഷംവച്ചുകൊണ്ടാണോ ഇങ്ങിനെ എഴുതിയതു്?

FOOD SUPPLIES DEPARTMENT—GAIN OR LOSS—DETAILS REGARDING

93. മിസ്റ്റർ എം. ഒ. തോമക്കുട്ടി:

താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) ഫുഡ്സപ്ലൈ ഡിപ്പാർട്ടുമെണ്ടിൽ ഫ ഫ ഠ, ഫ ഫ ഠ ഫ എന്നീ കൊല്ലങ്ങളിലെ കണക്കുകൾ പരിശോധിച്ചു ലാഭനഷ്ടങ്ങൾ തിട്ടപ്പെടുത്തുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ ഓരോ കൊല്ലത്തിലും എന്തു വീതമാണു ലാഭനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളതെന്നും, ശമ്പളച്ചിലവടക്കം ആയതു് എത്രയാണെന്നും, ശമ്പളച്ചിലവുകൂടാതെ എത്രയാണെന്നും വിവരമായി അറിയിക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ :

(എ) ഉവ്വ്.

(ബി) വിവരം താഴെ ചേർത്തിരിക്കുന്നു.

	ഫ ഫ ഠ ഠ ക.	ഫ ഫ ഠ ഫ ക.
ശമ്പളച്ചിലവടക്കം നഷ്ടം	ഠവ,ൻഠ,നടഠ—ങ—വ	നൻ,ർന,ഠ ങ ഉ—ഫ—ന.
ശമ്പളച്ചിലവുകൂടാതെ നഷ്ടം	ഫവ,ന്നർ,ഉ ങ ഫ—ഫർ—ഠ	ഠ ങ,നന,ഠ ഉ ങ—ഫ—ന.

മിസ്റ്റർ എം. ഒ. തോമക്കുട്ടി : ഫ ഫ ഠ ഠ-ൽ ശമ്പളച്ചിലവിനത്തിൽ ഫ ഠ ലക്ഷം രൂപാ ചിലവായിട്ടുണ്ടു്. ഫ ഫ ഠ ഫ-ൽ ശമ്പളച്ചിലവിനത്തിൽ ഫർ ലക്ഷം രൂപാ ചിലവായിട്ടുണ്ടെന്നു

LIBRARY ARCHIVES Kerala Legislative Assembly